# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

നമ്പർ.കെ.എസ്.എച്ച്.ഇ.സി/സ്കോൾ.സ്കീം/2015-16 (യു.ജി 2016-17) -I തീയതി.31/01/2017

## വിജ്ഞാപനം

| |
|---|
| രണ്ടാം വർഷ ബിരുദ പഠനം (2015-16 ബിരുദ അഡ്മിഷൻ - First Renewal) - ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കൽ |

2015-16 അക്കാദമിക വർഷം ഒന്നാം വർഷ ബിരുദ പഠനത്തിന് സ്കോളർഷിപ്പ് ലഭിച്ചവരും 2016-17 അക്കാദമിക വർഷം രണ്ടാം വർഷ ബിരുദ പഠനം നടത്തുന്നവരുമായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കി ലഭിക്കാൻ ഇപ്പോൾ അപേക്ഷകൾ സമർപ്പിക്കാം.

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്സൈറ്റ് ആയ www.kshec.kerala.gov.in ൽ Higher Education Scholarship ൽ HE Scholarship 2015-16 – Online Registration, Verification and Approval (1st Renewal) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **01-02-2017** മുതൽ ഓൺലൈനായാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

**യോഗ്യത**

1 ഒന്നാം വർഷം ബിരുദതലത്തിൽ 2015-16 വർഷത്തെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് അർഹരായവർ മാത്രം അപേക്ഷിച്ചാൽ മതിയാകും.

2 കഴിഞ്ഞ അക്കാദമിക വർഷം കേരളത്തിലെ ഏതെങ്കിലും ഗവൺമെന്റ്/ എയ്ഡഡ് ആർട്സ് & സയൻസ് കോളേജിലോ, യൂണിവേഴ്സിറ്റി പഠന വിഭാഗത്തിലോ, ഹ്യുമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ്, സോഷ്യൽ സയൻസ്, സയൻസ് സ്ട്രീമുകളിലൊന്നിൽ ഒന്നാം വർഷ ബിരുദ പഠനം നടത്തിയവരും ഇപ്പോൾ തുടർ പഠനം നടത്തുന്നവരും മാത്രം അപേക്ഷിച്ചാൽ മതിയാകും. (രണ്ടാം വർഷം സ്കോളർഷിപ്പ് പുതുക്കുന്ന വിദ്യാർത്ഥികൾ മുൻപ് പഠിച്ച അതേ യൂണിവേഴ്സിറ്റിയിൽ തന്നെ തുടർന്നും അതേ സ്ട്രീമിൽ പഠിയ്ക്കുന്നവരായിരിക്കണം. പ്രൊഫഷണൽ കോഴ്സുകളിലും സ്വാശ്രയ കോഴ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടതില്ല.)

**മിനിമം യോഗ്യതാ മാനദണ്ഡം**

ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡ് അടിസ്ഥാനമാക്കി.

| | | |
|---|---|---|
| ജനറൽ വിഭാഗം | : | B |
| ഒ.ബി.സി, ബി.പി.എൽ, എസ്.സി/ എസ്.ടി, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങൾ | : | C |

**സ്കോളർഷിപ്പ് തുക – 18,000/-**

40% ത്തിനു മുകളിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുകയുടെ 25% അധികമായി നൽകുന്നു.

**ബന്ധപ്പെട്ട മറ്റുവിവരങ്ങൾ**

1. ഒന്നാം വർഷം ബിരുദതലത്തിൽ ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് അർഹരായവർക്കാണ് സ്കോളർഷിപ്പുകൾ പുതുക്കി നൽക്കുന്നത്.
2. അപേക്ഷകർക്ക് ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
3. മറ്റേതെങ്കിലും സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല. (ഹിന്ദി സ്കോളർഷിപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന ലംപ്സംഗ്രാന്റ് എന്നിവയെ ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.)

**അപേക്ഷിക്കേണ്ട രീതി**

1. വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി **01-02-2017** മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി www.kshec.kerala.gov.in എന്ന വെബ്സൈറ്റിലെ Higher Education Scholarship എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന്, തുടർന്ന് HE Scholarship 2015-16 എന്ന തലക്കെട്ടിൽ Online Registration, Verification and Approval (1st Renewal) ൽ ക്ലിക്ക് ചെയ്യുക.
3. സ്ക്രീനിൽ കാണുന്ന പേജിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി submit ചെയ്യുക. (ചുവന്ന നക്ഷത്ര ചിഹ്നം നൽകിയിട്ടുള്ള വിവരങ്ങൾ നിർബന്ധമായും നൽകിയിരിക്കേണ്ടതാണ്.)
4. തുടർന്ന് സ്ക്രീനിൽ കാണുന്ന അപേക്ഷാഫോമിൽ **ഒന്നാം സെമസ്റ്റർ** പരീക്ഷയുടെ വിവരങ്ങൾ, അതായത് അപേക്ഷാഫോമിലെ 6–ാം നമ്പർ കോളത്തിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ നൽകി submit ചെയ്യുക. (ഒന്നാം സെമസ്റ്റർ മാർക്ക് ലിസ്റ്റ് ലഭിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾ "Awaiting Result" എന്ന ഓപ്ഷൻ കൊടുത്താൽ മതിയാകും. മാർക്ക് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉന്നത വിദ്യാഭ്യാസ കൗൺസിലിലേക്ക് അയച്ചുതരേണ്ടതാണ്.)
5. ശേഷം Registration step 2 ൽ ആവശ്യപ്പെട്ടിട്ടുള്ള ഡോക്യുമെന്റുകൾ അപ്ലോഡ് ചെയ്യുക. (JPEG/PDF Format, 30KB)
6. വിജയകരമായി അപേക്ഷ നടപടികൾ പൂർത്തിയാക്കിയാൽ ലഭിക്കുന്ന പേജിൽ Higher Education Scholarship എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് എടുക്കുക.

7. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട്, പ്രസ്തുത പ്രിന്റ് ഔട്ടിന്റെ 10-ാം കോളത്തിൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്. **(സമർപ്പിക്കുന്ന രേഖകളുടെ ഒരു പകർപ്പ് വിദ്യാർത്ഥി കൈവശം സൂക്ഷിക്കേണ്ടതാണ്.)**

8. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും അപേക്ഷാഫോമിന്റെ പ്രിന്റ് ഔട്ടും നോഡൽ ഓഫീസർ പരിശോധിക്കേണ്ടതും (verification), ആ വിവരം ഓൺലൈനായി രേഖപ്പെടുത്തേണ്ടതുമാണ്.

9. പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപന മേധാവി ഓൺലൈനായി അംഗീകരിച്ചിരിക്കണം. (Approval)

10. അപേക്ഷ ഫോമിന്റെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിശ്ചയിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ **(4/03/2017)** കൗൺസിലിന്റെ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

**<u>കൗൺസിലിൽ സമർപ്പിക്കേണ്ട രേഖകൾ</u>**

1. ഫോട്ടോ പതിച്ചതും വിദ്യാർത്ഥി ഒപ്പിട്ടതുമായ അപേക്ഷാഫോം. (ഈ ഫോം പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.)
2. വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ പ്രിൻസിപ്പാൾ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (വിദ്യാർത്ഥിയുടെ പേര്, ബാങ്കിലെ അക്കൗണ്ട് നമ്പർ, IFSC കോഡ്, വിലാസം എന്നിവ വ്യക്തമായിരിക്കണം.)
3. വിദ്യാർത്ഥിയുടെ ഒന്നാം സെമസ്റ്റർ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**<u>അവസാന തീയതി</u>**

1. ഓൺലൈനായി വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **15-02-2017.**
2. അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **18-02-2017.**
3. നോഡൽ ഓഫീസർ/സ്ഥാപന മേധാവി ഓൺലൈനായി Verification ഉം Approval ഉം പൂർത്തിയാക്കേണ്ട അവസാന തീയതി **27-02-2017.**
4. **<u>പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ കൗൺസിൽ ഓഫീസിൽ ലഭിക്കുന്നതിനുള്ള അവസാന തീയതി 04-03-2017.</u>**

**അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയും പൂർണവും ആണെന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ അവ പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരും സ്ഥാപനമേധാവികളും വീണ്ടും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ മറ്റൊരറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.**

Sd/-
**രജിസ്ട്രാർ**